**പതിമൂന്നാംകേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.560 25.10.2011 - ൽ മറുപടിക്ക്**

# ദേശീയ പാതയിലെ ട്രാഫിക് സുരക്ഷാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.എം.പി.വിൻസെന്റ്**<br>**ശ്രീ.ലൂഡി ലൂയിസ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാതയിൽ എന്തെല്ലാം ട്രാഫിക് സുരക്ഷാ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;<br><br>(ബി) ഇതിനായി 'ക്രാഷ് ബാരിയറുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) & (ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി അതാത് സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ, സൈൻബോർഡുകൾ, റിഫ്ളക്ടറുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സുരക്ഷാപണികളായ റോഡു മാർക്കിംഗ്സ്, കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കാനുള്ള സീബ്രാക്രോസ്സിംഗ്സ്, രാത്രിയിൽ പ്രകാശിക്കുന്ന സ്റ്റഡുകൾ, റിക്ടോ റിഫ്ളക്റ്റീവ് ടൈൽസ് സ്ഥാപിക്കൽ തുടങ്ങിയ പണികൾ നടത്തിയിട്ടുണ്ട്. വളവുകളിൽ മുന്നറിയിപ്പുനൽകുന്ന ബോർഡുകൾ, ക്രാഷബാരിയേഴ്സ്, ഡിലിനേറ്റേഴ്സ്, ഗാർഡ് സ്റ്റോണുകൾ, എന്നിവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ റംബിൾ സ്ട്രിപ്സ്, ഡിവൈഡർ എന്നിവ നിർമ്മിക്കുകയും റോഡ് വീതികൂട്ടി ഉപരിതലം നവീകരിക്കുകയും ചെയ്യുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ദേശീയ പാതകൾ നാലു വരി |

പാതയാക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള സർവ്വീസ് റോഡുകൾക്കുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡു സുരക്ഷാ ഫണ്ട് ഉപയോഗിച്ച് മുൻഗണനാക്രമത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ റോഡ് സുരക്ഷാപ്രവൃത്തികൾക്കായി 38.26 കോടി തുകയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപം സൈൻബോർഡുകളും സീബ്രാ ക്രോസിംഗും സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ? | (സി) സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപം സൈൻബോർഡുകളും സീബ്രാ ക്രോസിംഗും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ